# ശുചിത്വമിഷൻ

**തദ്ദേശസ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ**

04-11.2025

## പത്രക്കുറിപ്പ്

**വലിയ അളവിൽ മാലിന്യമുണ്ടാകുന്ന സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണത്തിന് കൂട്ടായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കും.**

സംസ്ഥാനത്ത് വലിയ അളവിൽ മാലിന്യമുണ്ടാകുന്ന സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണത്തിന് കൂട്ടായ സവിശേഷ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ ധാരണ. ഓഡിറ്റോറിയങ്ങൾ, ഹോട്ടൽ, റെസ്റ്റോറന്റുകൾ, സ്കൂൾ, കോളേജ്, ഈവന്റ് മാനേജ്മെന്റ്, കാറ്ററിങ് തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സംഘടനകളുടെ സംസ്ഥാന-ജില്ലാ ഭാരവാഹികൾക്കായി തിരുവനന്തപുരത്ത് നടത്തിയ സെമിനാറിലാണ് ഈ ധാരണയുണ്ടായത്. ശുചിത്വമിഷനിൽ എംപാനൽചെയ്തിട്ടുള്ള ഏജൻസികളുമായി ഇതിനായുള്ള ചർച്ചയും നടന്നു. വൻതോതിൽ മാലിന്യസംസ്കരണം നടത്തുന്ന എംപാനൽ ചെയ്ത ഏജൻസികളും ഇതിനായി വലിയതോതിൽ മാലിന്യമുണ്ടാകുന്ന സ്ഥാപനങ്ങളുമായി യോജിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്താനുള്ള സാധ്യതകൾ സെമിനാറിൽ ചർച്ച ചെയ്തു. ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയവർ ഈ രംഗത്തെ നിയമപരമായ ബാധ്യതകൾ ഉൾപ്പെടെയുള്ള കാര്യങ്ങളും അവതരിപ്പിച്ചു.

ബയോ മാലിന്യ സംസ്കരണവും, നൂതനമായ ദ്രവമാലിന്യ പരിഹാരങ്ങളും സംബന്ധിച്ച സാങ്കേതികവിദ്യകൾ അവതരിപ്പിച്ചു. എം വേ കൺസൾട്ടന്റ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ടെക് ഫാം ഇന്ത്യ, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, ജി.പി.എസ് റിന്യൂവബിൾസ് പ്രൈവറ്റ് ലിമിറ്റഡ്, ഫാബ്കോ ബയോസൈക്കിൾ & ബയോ പ്രോട്ടീൻ ടെക്നോളജി, ഹ്യൂബർട്ട് എൻവൈറോ കെയർ സിസ്റ്റംസ് ലിമിറ്റഡ്, മലിനീകരണ നിയന്ത്രണ ബോർഡ്, ക്ലീൻകേരള കമ്പനി, ശുചിത്വ മിഷൻ, വാഷ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിലെ വിദഗ്ധരും ഉന്നത ഉദ്യോഗസ്ഥരും വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.

സെമിനാർ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി. ജോസ് ഉദ്ഘാടനം ചെയ്തു. ശുചിത്വ മിഷൻ, ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് ഡയറക്ടർ കവിത എസ്, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഡയറക്ടർ ഗംഗ ആർ. എസ്, മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. രതീഷ് മേനോൻ, ശുചിത്വമിഷൻ പ്രോഗ്രാം ഓഫീസർ അമീർഷാ, ശുചിത്വ മിഷൻ എൽ.ഡബ്ല്യു.എം. എക്സ്പേർട്ട് രശ്മി പി. എസ്, ടു ഡിഗ്രി ക്ലൈമറ്റ് കൺട്രോൾ പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ ഡോ. സഞ്ജു തോമസ് തുടങ്ങിയവർ സംസാരിച്ചു.

റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം - 695033
ഫോൺ : 0471- 2312730, 2319831, ഇ-മെയിൽ : sanitationkerala@gmail.com